LIBRARY ARCHIVES Kerala Legislative Assembly

ഹെപ്പറ്റൈറ്റിസ് രോഗപ്രതിരോധ നടപടികളും വാക്സിൻ വാങ്ങിയതിലെ ക്രമക്കേടുകളും

141 [1719] ശ്രീ. ടി. കെ. ദേവകുമാർ:

" എ. കെ. ബാലൻ:

" കോടിയേരി ബാലകൃഷ്ണൻ:

" പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെപ്പറ്റൈറ്റിസ് രോഗം തടയുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഹെപ്പറ്റൈറ്റിസ് വാക്സിൻ കുത്തിവയ്ക്കുന്നതിന് പ്രായപരിധിയുണ്ടോ; എങ്കിൽ എത്ര വയസ്സുവരെ നൽകാം എന്നറിയിക്കാമോ;

(സി) 2002-2003-ൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ ആരോഗ്യവകുപ്പ് വാങ്ങി നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നും വാങ്ങി എന്ന് വ്യക്തമാക്കുമോ; വാക്സിൻ വാങ്ങിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ മെഡിക്കൽ ആഫീസർമാർ ആവശ്യപ്പെട്ടത് എത്രയാണ്; ആവശ്യപ്പെട്ടതിൽ കൂടുതൽ വാങ്ങിയെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ ഇടപാടിൽ സർക്കാരിന് എത്ര രൂപ നഷ്ടമുണ്ടായി; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി എടുത്തു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഏതെങ്കിലും ആശുപത്രിയിൽ ഹെപ്പറ്റൈറ്റിസ് വാക്സിനു പകരം ഇൻസുലിൻ ബി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഹെപ്പറ്റൈറ്റിസ് വാക്സിൻ വാങ്ങിയതിൽ സർക്കാരിനുണ്ടായ നഷ്ടത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാവുമോ?

ഉത്തരം

(എ) ഹെപ്പറ്റൈറ്റിസ് രോഗം തടയുന്നതിനായി കുത്തിവെയ്പ്പിനുള്ള പ്രതിരോധ മരുന്ന് സെൻട്രൽ പർച്ചേസ് ലിസ്റ്റിൽ ഉൾപ്പെടുത്തി ആവശ്യാനുസരണം വാങ്ങാനുള്ള അനുവാദം അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പൈലറ്റ് പ്രോജക്ട് വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ കേന്ദ്ര സർക്കാർ തന്നെ നേരിട്ട് മുരന്ന് ലഭ്യമാക്കി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രായപരിധിയില്ല.

(സി) ഉണ്ട്. മെസേഴ്സ് സെറം ഇൻസ്റ്റിട്യൂട്ട് ഓഫ് ഇൻഡ്യാ ലിമിറ്റഡ്, മെസേഴ്സ് വി.എച്ച്. ഭഗത്ത് ആന്റ് കമ്പനി, മെസേഴ്സ് ശാന്താ ബയോടെക്നിക്സ് (പി) ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നുമാണ് വാക്സിൻ വാങ്ങിയിട്ടുള്ളത്.

വാക്സിൻ വാങ്ങിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) ജില്ലാ മെഡിക്കൽ ആഫീസർമാർ സബോർഡിനേറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഇൻഡന്റ് പ്രകാരം നേരിട്ടാണ് 2002-2003 കാലയളവിൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ വാങ്ങിയിരിക്കുന്നത്.

(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച കമ്പനികളിൽ നിന്നും കമ്മിറ്റി നിശ്ചയിച്ച തുകയ്ക്കാണ് വാക്സിൻ വാങ്ങിയിട്ടുള്ളത്. ഈ ഇടപാടിൽ സർക്കാരിന് നഷ്ടമുണ്ടായതായി അറിയില്ല. എങ്കിലും ഈ വിഷയത്തിൽ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

(എഫ്) കല്ലിയൂർ പി.എച്ച്.സി.-യിൽ 19-2-2003 ബുധനാഴ്ച രാവിലെ 10.30 മുതൽ 11.30 വരെ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനോടൊപ്പം ഹെപ്പറ്റൈറ്റിസ് വാക്സിൻ പൊതുജനങ്ങൾക്ക് സൗജന്യമായി കൊടുക്കുന്നതിനിടയിൽ വാക്സിൻ വയൽ മാറി പകരം ഇൻസുലിൻ (ലെന്റി) കുത്തിവെച്ചു. തുടർന്ന് അന്വേഷണം നടത്തിയ ഡെപ്യൂട്ടി ഡി.എം.ഒ. ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരുടെ ഉത്തരവാദത്വമില്ലായ്മയാണ് ഈ പ്രശ്നത്തിന് ഇടയാക്കിയത് എന്ന് കണ്ടെത്തുകയും കുറ്റക്കാരായ ജീവനക്കാർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 2002-2003-ൽ ഹെപ്പറ്റൈറ്റിസ് വാക്സിൻ വാങ്ങിയതിനെക്കുറിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിൽ മലമ്പനി പടർന്നുപിടിക്കുന്ന സാഹചര്യം

142 [1720] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വ്യാപകമായി മലമ്പനി പടർന്നുപിടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും കേന്ദ്ര ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) മലമ്പനി വ്യാപിക്കുന്നതിനെതിരെ ആരോഗ്യ വകുപ്പ് സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly